66 (1107) കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ കാര്യക്ഷമമാക്കാൻ നടപടി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എം.എ. തോമസ് :
ശ്രീ. സെബാസ്റ്റ്യൻ പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിനും യാത്രാക്ലേശം പരിഹരിക്കുന്നതിനുമായി സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സർവ്വീസ് നടത്തുന്ന കെ.എസ്.ആർ.ടി.സി. ബസുകൾക്കു വേണ്ട അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുവാൻ ഇന്നുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) സ്പെയർ പാർട്ടുകളുടെ അഭാവംമൂലം എത്ര ബസുകൾ ഇപ്പോൾ വിവിധ ഡിപ്പോകളിലായി കട്ടപ്പുറത്തിരിക്കുന്നുണ്ട്;

(ഡി) കേടുപാടുകൾ തീർക്കാത്തതുമൂലം എത്ര ബസുകൾ സർവ്വീസ് നടത്തുവാൻ കഴിയാതെയുണ്ട്;

(ഇ) കാലപ്പഴക്കം ചെന്ന ബസുകൾ മാറ്റി പുതിയ ബസുകൾ വാങ്ങാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ദേശസാൽകൃത മേഖലയിലേയും യാത്രക്കാരുടെ തിരക്ക് കൂടുതലുള്ളതും കൂടുതൽ വരുമാനം ലഭിക്കുന്നതുമായ സർവ്വീസുകൾക്ക് മുൻഗണന നൽകി പരമാവധി സർവ്വീസുകൾ ഓടിക്കുവാൻ നടപടിയെടുത്തിട്ടുണ്ട്. സർവ്വീസുകൾ കൃത്യത പാലിക്കുന്നുവോ എന്നു പരിശോധിക്കുവാനും വരുമാന ചോർച്ച തടയുവാനും ലൈൻ ഇൻസ്പെഷൻ വിഭാഗം ശക്തിപ്പെടുത്തി. തിരക്കേറിയ സ്ഥലങ്ങളിലും, സമയത്തും പോയിന്റ് ഡ്യൂട്ടിക്കു ഇൻസ്പെക്ടർമാരെ നിയോഗിക്കുന്നുണ്ട്. കൂടുതൽ ദീർഘദൂര സർവ്വീസുകൾ ഓടിച്ചുവരുന്നു. കണ്ണൂർ-കാസർകോട്, കോട്ടയം, കുമിളി, പാലക്കാട്, തൃശ്ശൂർ, കായംകുളം, പുനലൂർ, കുളത്തുപ്പുഴ എന്നീ ദേശസാൽകൃത മേഖലകളിൽ സ്വകാര്യ മേഖലയെ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് സർവ്വീസ് നടത്തുകയാണ്. ഒരു ഷെഡ്യൂളിന് രണ്ട് കണ്ടക്ടർമാരേയും രണ്ടു ഡ്രൈവർമാരേയുംവീതം സ്ഥിരമായി അനുവദിക്കുന്ന "ബസ് ക്രൂ മാരേജ്" പദ്ധതി നടപ്പിൽവരുത്തി. ഓപ്പറേറ്റിംഗ് വിഭാഗത്തിലുള്ള ജീവനക്കാരുടെ ഇൻസെന്റീവ് സ്കീം കൂടുതൽ ആകർഷകമാക്കി. ഹഡ്കോയിൽനിന്നും വിവിധ ജില്ലാ സഹകരണ ബാങ്കുകളിൽനിന്നും വായ്പ ലഭ്യമാക്കുവാൻ നടപടികളെടുത്തിട്ടുണ്ട്. "ഹഡ്കോ" ഇതുപയോഗിച്ച് രണ്ടായിരാമാണ്ടിൽ 1200 ബസുകൾ നിരത്തിലിറക്കുവാനും വർക്കുഷോപ്പുകൾ നവീകരിക്കുവാനും തീരുമാനിച്ചു. കൂടാതെ വിവിധ ജില്ലാ കോ-ഓപ്പറേറ്റീവ് ബാങ്കുകളിൽനിന്നും അനുവദിക്കുന്ന തുക 300 ബസുകൾ നിരത്തിലിറക്കുവാൻ വിനിയോഗിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന ബസുകളുടെ മേജർ റിപ്പയറുകൾ ചെയ്യുന്നതിന് ഒരു സെൻട്രൽ വർക്കുഷോപ്പും നാലു റീജിയണൽ വർക്കുഷോപ്പുകളും നിലവിലുണ്ട്. ചെറിയ തോതിലുള്ള അറ്റകുറ്റപ്പണികൾ ചെയ്താൽ ഓരോ ഡിപ്പോകളിലും 24 മണിക്കൂറും പ്രവർത്തിക്കുന്ന ഗ്യാരേജുകളുമുണ്ട്.

(സി) സ്പെയർ പാർട്ടുകളുടെ ലഭ്യതക്കുറവുമൂലം ഇപ്പോൾ 125 ബസുകൾ കേരളത്തിലെ അങ്ങോളമിങ്ങോളമുള്ള വർക്കുഷോപ്പുകളിൽ നിർത്തിയിട്ടിരിക്കുന്നു.

(ഡി) കേടുപാടുകൾ തീർക്കുന്നതിനായി 344 ബസുകൾ വർക്കുഷോപ്പുകളിൽ നിർത്തിയിട്ടിട്ടുണ്ട്. അവയുടെ പണി നടന്നുകൊണ്ടിരിക്കുന്നു.

(ഇ) ഹഡ്കോയിൽനിന്നും അനുവദിച്ചിട്ടുള്ള 100 കോടി രൂപ ഉപയോഗിച്ച് രണ്ടായിരാമാണ്ടിൽ 1200 ബസുകൾ നിരത്തിലിറക്കുന്നതിനും വർക്കുഷോപ്പുകൾ നവീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ വിവിധ ജില്ലാ സഹകരണ ബാങ്കിൽനിന്നും അനുവദിക്കുന്ന തുക 300 ബസുകൾ നിരത്തിലിറക്കുവാനും വിനിയോഗിക്കും. ഇത്തരത്തിൽ നിരത്തിലിറക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പുതിയ ബസുകളിൽ 500 എണ്ണം പഴയവ നിരത്തിൽനിന്നും പിൻവലിക്കുവാൻ ഉപയോഗിക്കും.

67 (1108) റോഡ് ഗതാഗത രംഗത്ത് സുരക്ഷിതത്വ നടപടി

പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് ഗതാഗത രംഗത്ത് സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് പുതുതായി ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) ചടയമംഗലം ബസ്സപകടം പോലുള്ളവ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കുവാനാണ് നിർദ്ദേശിച്ചിട്ടുള്ളത്;

(സി) മോട്ടോർ വാഹന വകുപ്പിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനും കാര്യക്ഷമമാക്കുന്നതിനും എന്തെല്ലാം പരിഷ്കാരങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ?

ഉത്തരം

(എ)&(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന റോഡപകടങ്ങളെക്കുറിച്ച് പഠിക്കുന്നതിനും അവയ്ക്കു പരിഹാരം നിർദ്ദേശിക്കുന്നതിനുമായി 7.5.97-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു കൂട്ടിയ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ 9.5.97-ലെ സർക്കാർ ഉത്തരവ് (എം.എസ്) നം. 55/97/പി.ഡബ്ളിയു. ആന്റ് റ്റി പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതാധികാര സമിതിയും പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് ഒരു ചീഫ് സെക്രട്ടറി ചെയർമാനായി ഒരു എംപവേർഡ് കമ്മിറ്റിയും രൂപീകരിക്കുകയുണ്ടായി. കൂടാതെ 10.12.91-ലെ സർക്കാർ ഉത്തരവ് (പി) 84/പി.ഡബ്ല്യൂ. ആന്റ് റ്റി പ്രകാരം ഗതാഗത വകുപ്പ് മന്ത്രി ചെയർമാനായി കേരള റോഡ് സേഫ്റ്റി കൗൺസിലും 29.9.99-ലെ സർക്കാർ ഉത്തരവ് നം. (പി) 165/95/പി. ഡബ്ളിയൂ ആന്റ് റ്റി പ്രകാരം ജില്ലാ കളക്ടർ ചെയർമാനായി

LIBRARY ARCHIVES Kerala Legislative Assembly